(ബി) പരിസ്ഥിതിയും പ്രകൃതി സൗന്ദര്യവും സംരക്ഷിച്ചുകൊണ്ടു മാത്രമേ ഭൗതിക വികസന പ്രവർത്തനങ്ങൾ നടപ്പാക്കാവൂ എന്ന പ്രകൃതിസ്നേഹികളുടെ ആവശ്യത്തിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) സംസ്ഥാനത്തിന്റെ വികസനം അതിന്റെ പരിസ്ഥിതിക്ക് കോട്ടവും ഭംഗവും തട്ടാതെ നടപ്പാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പൊതുജനങ്ങളെ വിശ്വാസത്തിലെടുത്തും അവരെ പരിസ്ഥിതി സംരക്ഷിക്കുന്നതിന്റെയും പരിപോഷിപ്പിക്കുന്നതിന്റെയും ആവശ്യകത ബോദ്ധ്യപ്പെടുത്തിയുള്ള ഒരു നയമായിരിക്കും സംസ്ഥാന സർക്കാർ അവലംബിക്കുന്നത്.

(ബി) മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഗാധവും ശാസ്ത്രീയവും സന്തുലിതവുമായ ഒരു ബന്ധത്തെയാണ് വികസനം സൂചിപ്പിക്കുന്നത്. പരിസ്ഥിതിക്ക് കോട്ടം തട്ടാതെയും പരിസ്ഥിതി നശിപ്പിക്കുന്നതിന് സന്ധി ചെയ്യാതെയും പരിസ്ഥിതി സംരക്ഷണവും വികസനവും സംയോജിപ്പിച്ച് നടപ്പിലാക്കുക എന്നുള്ളതാണ് സർക്കാരിന്റെ നയം.

**ക്രമസമാധാനപാലനവും അന്വേഷണവും വേർതിരിക്കൽ**

16 (*166) ശ്രീ. തോമസ് ചാണ്ടി :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ ലോ & ഓർഡറും ക്രൈം ഇൻവെസ്റ്റിഗേഷനും വേർതിരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഇതിനായി പോലീസ് സ്റ്റേഷനുകളിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) പ്രകാശ് സിംഗ് & അദേഴ്സ് Vs യൂണിയൻ ഓഫ് ഇന്ത്യ & അദേഴ്സ് എന്ന WP(C)310/1996 നമ്പർ കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി 22-9-2006-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സിറ്റികളിലെ പോലീസ് സ്റ്റേഷനുകളിൽ ക്രമസമാധാന പരിപാലന ചുമതലയും, കുറ്റാന്വേഷണ ചുമതലയും വേർതിരിച്ചുകൊണ്ട് 27-12-2006-ൽ സ.ഉ.

LIBRARY ARCHIVES Kerala Legislative Assembly

(സാധാ)3069/2006/ആഭ്യന്തരം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് ഏത് രീതിയിൽ നടപ്പാക്കണമെന്ന് 25-1-2010-ൽ സർക്കുലർ നമ്പർ 5/2010 പ്രകാരം സംസ്ഥാന പോലീസ് മേധാവി ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും വേർതിരിക്കുന്നതിലെ ഭരണപരവും, സാമ്പത്തികവും, പ്രായോഗികവുമായ വശങ്ങളെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 24-8-2012-ൽ സ.ഉ. (സാധാ) 7253/2012/പൊ.ഭ. നമ്പർ ഉത്തരവ് പ്രകാരം ഒരു ഏകാംഗ കമ്മീഷനെ നിയോഗിക്കുകയും, ടി കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്മേലുള്ള സംസ്ഥാന പോലീസ് മേധാവിയുടെ അഭിപ്രായം സർക്കാർ പരിശോധിച്ചുവരുന്നു.

## എയർ കേരള വിമാന സർവ്വീസ്

17 (*167) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയർ കേരള വിമാന സർവ്വീസ് ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോയെന്നും എങ്കിൽ എന്നാണ് ലഭിച്ചതെന്നും വെളിപ്പെടുത്തുമോ;

(ബി) അനുമതി ലഭിക്കുന്നതിന് എന്തെല്ലാം നിബന്ധനകളാണ് പാലിക്കേണ്ടതെന്നും പ്രസ്തുത നിബന്ധനകളെല്ലാം പാലിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(സി) എയർ കേരള പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) ഇല്ല.

(ബി&സി) പുതിയ വ്യോമയാന നയം പ്രകാരം രാജ്യാന്തര വിമാന സർവ്വീസുകൾ ആരംഭിക്കുന്നതിന് 20 വിമാനങ്ങളോ, അല്ലെങ്കിൽ മൊത്തം സീറ്റുകളുടെ 20 ശതമാനമോ ആഭ്യന്തര വിമാന സർവ്വീസുകൾക്കായി മാറ്റി വയ്ക്കേണ്ടതായിട്ടുണ്ട്. 20 വിമാനങ്ങൾ വേണമെന്ന നിബന്ധന നിലനിൽക്കുന്നത് എയർ കേരള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമാകുമെന്ന് വിലയിരുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly